റുള്ളൂ. പല തസ്തികകളിലും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം കുറവായി കാണുന്നതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**116 (3441) തരിശുഭൂമിയിലെ കൃഷി**

പ്രൊഫ. എ.വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലുള്ള തരിശുഭൂമിയുടെ ഉടമസ്ഥർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തി, സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഫലപ്രദമാകത്തക്ക രീതിയിലും കാർഷിക തൊഴിലാളികളുടെ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുംവേണ്ടി കൃഷി കാര്യക്ഷമമാക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ട്. ഇതനുസരിച്ച് സംസ്ഥാന പദ്ധതി പ്രകാരം 1600 ഹെക്ടർ പ്രദേശത്തും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 270 ഹെക്ടർ പ്രദേശത്തും പുതുതായി കശുമാവ് കൃഷി വ്യാപനം നടത്തുന്നതാണ്. കൂടാതെ മുന്നാംവിളക്കാലത്ത് തരിശിടുന്ന നെൽകൃഷി പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പരിപാടിയും 'ഊർജ്ജിത പച്ചക്കറി വികസന പദ്ധതി'യുടെ ഭാഗമായി നടത്തുന്നു. കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശം ഉൾപ്പെടെ മുഴുവൻ സ്ഥലവും കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന് ഒരു കൃഷിനയം രൂപവത്ക്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട ഡോ. എം.എസ്. സ്വാമിനാഥൻ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

**117 (3442) കാലവർഷക്കെടുതി**

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മടിക്കൈ പഞ്ചായത്തിൽ കാലവർഷക്കെടുതിയിൽ നേന്ത്രവാഴക്കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly